വസൂലാക്കുകയും ചെയ്തിട്ടുണ്ട്. ചെളി എടുക്കുന്നതിനുള്ള പെർമിറ്റുകൾ ജില്ലാകളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജിയോളജി വകുപ്പാണ് ഇപ്പോൾ നൽകിവരുന്നത്. ഇങ്ങനെ ചെളി എടുക്കുന്നതുകൊണ്ട് പരിസ്ഥിതിക്കും, ജീവനും അപകടം എന്തെങ്കിലും ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ പെർമിറ്റ് നൽകുന്ന നടപടി ഗവൺമെന്റ് പുനഃപരിശോധിക്കുന്നതാണ്. അനധികൃതമായ ഖനനം തടയുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. അടിയന്തിരമായി ഈ കാര്യത്തെക്കുറിച്ച് അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(6) ലാന്റ് ട്രൈബ്യൂണൽ ഓഫീസുകളുടെ പ്രവർത്തനം

ശ്രീ. ജോസ് ബേബി : സർ, ഭൂപരിഷ്കരണ നിയമം നടപ്പാക്കിയതിനെത്തുടർന്ന് നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ലാന്റ് ട്രൈബ്യൂണലുകൾ പലതിന്റെയും പ്രവർത്തനം കാര്യക്ഷമമല്ല എന്ന കാരണം പറഞ്ഞ് നിരവധി ഓഫീസുകൾ അടുത്തകാലത്ത് അടച്ചുപൂട്ടുകയുണ്ടായി. അങ്ങനെ നിരവധി ഓഫീസുകൾ അടച്ചുപൂട്ടിയതിനെത്തുടർന്ന് നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർക്ക് അവരുടെ ഭൂമിക്ക് പട്ടയം കൊടുക്കുന്ന പ്രവർത്തനങ്ങൾ ഇന്ന് പല പ്രദേശത്തും സ്തംഭിച്ചിട്ടുണ്ട്. ട്രൈബ്യൂണൽ ഓഫീസുകൾ നിർത്തലാക്കിയാൽപ്പോലും അതിനുപകരം സംവിധാനമെന്ന നിലയ്ക്ക് സിറ്റിംഗ് ഏർപ്പെടുത്തുമെന്നാണ് ഗവൺമെന്റ് പറഞ്ഞത്. എന്നാൽ ഇപ്പോൾ ആ പ്രവർത്തനം നടക്കുന്നില്ല. അടിയന്തിരമായും ഈ രംഗത്ത് പാവപ്പെട്ട കൃഷിക്കാർ ഉൾപ്പെടെയുള്ള ഇടത്തരക്കാരുടെ ഭൂമിയുടെ പ്രശ്നം പരിഹരിക്കുവാൻ ലാന്റ് ട്രൈബ്യൂണൽ ഓഫീസുകളുടെ പ്രവർത്തനം, ഓഫീസുകളിൽ ഇല്ലെങ്കിൽപോലും അതിന്റെ സിറ്റിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനം നടത്തി ജനങ്ങളെ സഹായിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ലാന്റ് ട്രൈബ്യൂണൽ ഓഫീസുകൾ വെറുതെയങ്ങ് അടച്ചുപൂട്ടിയതല്ല. റവന്യൂ പുനഃസംവിധാനത്തിന്റെ ഭാഗമായി വിശദമായ പഠനത്തിനുശേഷം നമ്മുടെ സംസ്ഥാനത്ത് 249 ഓഫീസുകൾ ഇതുപോലെ നിർത്തൽ ചെയ്യാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി കേസുകൾ ഏറ്റവും കുറവുള്ള ലാന്റ് ട്രൈബ്യൂണൽ ഏതൊക്കെയാണെന്ന് നോക്കി ആ 21 ഓഫീസുകൾ നിർത്തലാക്കുകയും അവിടെ ജോലി ചെയ്യുന്നവർക്ക് മറ്റ് ലാവണങ്ങളിൽ ജോലി പുനഃസംവിധാനം ചെയ്ത് നൽകുകയും ചെയ്തു. അവിടെ ബാക്കിയുള്ള കേസ്സുകൾ സമയബന്ധിതമായി തീർക്കുന്നതിന് കാലവിളംബം ഉണ്ടാകരുത്. ജനങ്ങൾക്ക് പ്രയാസം ഉണ്ടാകരുത് എന്നതിന്റെ അടിസ്ഥാനത്തിൽ അതിനാവശ്യമായിട്ടുള്ള ക്രമീകരണവും വരുത്തിയിട്ടുണ്ട്. 21 ലാന്റ് ട്രൈബ്യൂണൽ ഓഫീസുകളാണ് ഇതിന്റെയടിസ്ഥാനത്തിൽ നിർത്തലാക്കേണ്ടിവന്നത്. അതുകൊണ്ട് ഇവയുടെ പ്രവൃത്തികൾ ഇപ്പോൾ നിലവിലുള്ള ബാക്കി ട്രൈബ്യൂണലുകളിലായി നൽകുകയും ആ കേസുകൾ മുഴുവൻ അവിടെ എടുക്കണമെന്ന് ഗവൺമെന്റ് ഓർഡർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ചെയ്യുമ്പോൾത്തന്നെ ഈ ട്രൈബ്യൂണലുകളുടെ സിറ്റിംഗ് അവ നിർത്തലാക്കിയ സ്ഥലങ്ങളിൽ വച്ചുതന്നെ നടത്തണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിനാൽ ട്രൈബ്യൂണലുകൾ നിർത്തലാക്കിയതുകൊണ്ട് യാതൊരു പ്രയാസവും ഉണ്ടാകാൻ പോകുന്നില്ല. കഴിയുന്നതുംവേഗം അതിൽ അവശേഷിക്കുന്ന മുഴുവൻ കേസുകളിലും തീരുമാനം ഉണ്ടാക്കണം എന്ന നിലയിലുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആ ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ് ഇപ്പോൾ. അതുകൊണ്ട് ഒരാശങ്കയുടെയും ആവശ്യമില്ല.

(7) പി.എം.ആർ.വൈ. പദ്ധതി

ശ്രീ. എം.വി. ജയരാജൻ : സർ, കേരളത്തിലെ ദേശസാൽകൃത ബാങ്കുകൾ 1993 മുതൽ നടപ്പാക്കിവരുന്ന ഒരു പദ്ധതിയാണ് പി.എം.ആർ. വൈ. എസ്.എസ്.എൽ.സി. വിദ്യാഭ്യാസയോഗ്യതയുള്ളവർ സ്വന്തമായി ഒരു തൊഴിൽ കണ്ടെത്താൻവേണ്ടി ബാങ്ക് വായ്പ നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. ജില്ലാകളക്ടർ ചെയർമാനായ ദേശസാൽകൃത ബാങ്കുകളുടെ പ്രതിനിധികളും, വ്യവസായ വകുപ്പിന്റെ പ്രതിനിധികളും മറ്റും ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയാണ് ഇതു സംബന്ധിച്ചു ലഭിക്കുന്ന അപേക്ഷകൾ സ്ക്രൂട്ടിനി നടത്തി തീരുമാനം എടുക്കുന്നത്. കേരളത്തിലെ ദേശസാൽകൃത ബാങ്കുകൾ കാർഷിക, വ്യാവസായിക മേഖലകളിൽ മുതൽമുടക്കിനു കാണിക്കുന്ന വിമുഖത ഈ രംഗത്തും വളരെയേറെ പ്രകടമാണ്. ഒരുലക്ഷത്തോളം രൂപ മാത്രമാണ് വായ്പയായി കൊടുക്കുന്നത്. ഈ വർഷത്തെ കണക്ക് മാത്രം പരിശോധിച്ചാൽ 1997-98-ൽ 69,929 പേർ അപേക്ഷ സമർപ്പിച്ചിരുന്നുവെന്ന് കാണാം. 1999 മാർച്ച് മാസം 31-വരെ ഏതാണ്ട് 5,000 ത്തോളം ആളുകൾക്ക് മാത്രമാണ് വായ്പ കൊടുത്തത്. അപേക്ഷയുടെ ഏതാണ്ട് ആറു ശതമാനം പേർക്കുപോലും വായ്പ കൊടുക്കുന്നില്ല എന്നുള്ളതാണ് ബാങ്കുകളുടെ നിലപാട്. വളരെ ധിക്കാരപരമായ നിലപാടാണ് ബാങ്കുകൾ കാണിച്ചുകൊണ്ടിരിക്കുന്നത്. 1993 ൽ ഇത് തുടങ്ങിയപ്പോൾ 13,287 അപേക്ഷ ഉണ്ടായിരുന്നു. അന്ന് 1,002 പേർക്കാണ് ലോൺ കൊടുത്തത്. അപേക്ഷയില്ല, വായ്പയ്ക്ക് ഡിമാന്റില്ല എന്നു പറയുന്നത് തികച്ചും നിരർത്ഥകമായിട്ടുള്ള വാദമാണ്. എസ്.എസ്. എൽ.സി. പാസ്സായിട്ടുള്ള 22 ലക്ഷത്തിലധികം വരുന്ന തൊഴിൽരഹിതരായിട്ടുള്ളവർ കേരളത്തിൽ ഉണ്ടെന്നാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കണക്ക്. കേരളത്തിലെ തൊഴിൽസാധ്യത 11,62,000 ആണ്. സ്വയംതൊഴിൽ കണ്ടെത്തൽ സംരംഭങ്ങളോട് ബാങ്കുകൾ നിഷേധാത്മകമായ നിലപാട് സ്വീകരിച്ചാൽ കേരളത്തിലുള്ള തൊഴിൽരഹിതർ എന്തു ചെയ്യും? വളരെ ഗൗരവതരമായിട്ടുള്ള ഒരു സ്ഥിതിവിശേഷമാണ് ഈരംഗത്തുള്ളത്. അതുകൊണ്ടു സ്റ്റേറ്റ് ലവൽ ബാങ്കിംഗ് കമ്മിറ്റിയുടെ കൂടി ചുമതല വഹിക്കുന്ന ഉത്തരവാദിത്വമുള്ള ധനകാര്യ വകുപ്പുമന്ത്രി ഇതിൽ ഇടപെടണം. അർഹരായ അപേക്ഷകർക്ക് വായ്പ അനുവദിക്കുന്നതിനും ബാങ്കുകളുടെ സമീപനം തിരുത്തിക്കുന്നതിനുംവേണ്ടിയുള്ള സമ്മർദ്ദം ഗവൺമെന്റ് ചെലുത്തണമെന്നാണ് എനിക്ക് അഭ്യർഥിക്കുവാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1993 ഒക്ടോബർ മാസം രണ്ടാം തീയതിയാണ് പി.എം.ആർ.വൈ പദ്ധതി നിലവിൽ വന്നത്. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഈ പദ്ധതിയുടെ കേരളത്തിലെ നേട്ടം താഴെപറയും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly